പുരോഗമനനാടകങ്ങൾ No. 1.

# പണിമുടക്ക്

By

ജോസഫ് മാവുങ്കൽ.

T62
M45
P621
...RAM COLLEGE LIBRARY
8
...ANCORE

പകർപ്പവകാശം

ST. JOSEPH'S PRESS,
mannanam
1946

# പണിമുടക്ക്

## രംഗം 1

(അരിവാളും ചുററികയും അടയാളപ്പെടുത്തിയ ചെങ്കൊടി വഹിച്ചും ബാഡ്ജുകൾ ധരിച്ചും ഒരു ഗണം തൊഴിലാളികൾ ഈരണ്ടുപേരായി അണിനിരന്നു ഘോഷയാത്രചെയ്തു പ്രവേശിക്കുന്നു. ഇടയ്ക്കിടയ്ക്കു "ഇൻക്വിലാബ് സിൻഡബാഡ്" "വിപ്ലവം ജയിക്കട്ടെ" എന്നു അട്ടഹസിക്കുന്നു.)

### വഞ്ചിപ്പാട്ട്

മുതലാളിലോകത്തിനെ അധഃപതിപ്പിക്കുവാനായ്
തൊഴിലാളികളെ, നിങ്ങൾ സംഘടിക്കുവിൻ. തെയ്

അധികാരികളെയെല്ലാം സ്വാധീനരാക്കുവാനുടൻ
തൊഴിലാളികളെ, നിങ്ങൾ സംഘടിക്കുവിൻ. തെയ്

സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും സ്ഥാപിക്കാൻ
തൊഴിലാളികളെ, നിങ്ങൾ സംഘടിക്കുവിൻ. തെയ്

(രണ്ടുമൂന്നുപ്രാവശ്യം ചുററിവളഞ്ഞു പ്രവേശിക്കുന്നു. അവസാനത്തിൽ നേതാവായ സഖാവ് മി. ചോറി ഒരു മേശപ്പുറത്തു കയറിനിന്നു പ്രസംഗിക്കുന്നു. ഇടത്തു കയ്യിൽ ഒരു ചെങ്കൊടി പിടിച്ചിരിക്കുന്നു.)

മി. ചോറി— സഖാക്കളേ, ഈ മനോഹരമായ സായാഹ്നത്തിൽ ഒരു ദീർഘമായ പ്രസംഗംചെയ്തു നിങ്ങളെ മുഷിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ന

മുക്ക പ്രസംഗമല്ല, പ്രവൃത്തിയാണാവശ്യം. പ്രവൃത്തിയോ ആരംഭിച്ചുപൂർത്തിയാകാറായിരിക്കുന്നു. അതെ, മുതലാളിലോകത്തിന്മേലുള്ള തൊഴിലാളികളുടെ ഭരണം, ദൂഷണത്തിന്മേലുള്ള ധർമ്മത്തിന്റെ അന്തിമ വിജയം ഇതാ അത്യാസന്നമായിരിക്കുന്നു. നിങ്ങൾക്കു സ്വാതന്ത്ര്യം വേണോ?

എല്ലാവരും: വേണം!

ഘോ— നിങ്ങൾക്കു സാഹോദര്യം വേണോ?

എല്ലാ— വേണം.!

ഘോ— നിങ്ങൾക്കു സമത്വം വേണോ?

എല്ലാ— വേണം!

ഘോ— എന്നാൽ സംഘടിക്കുവിൻ! മുതലാളികളോടു നിങ്ങളെ അഭിമുഖീകരിച്ചാലും, അതിനെ നിലംപരിചാക്കുവാൻ നിങ്ങൾ ധർമ്മസമരം ചെയ്യുമോ?

എല്ലാ— ചെയ്യും!

ഘോ— അതിനുവേണ്ടി എന്തുത്യാഗവും മരണംതന്നെയും വരിക്കുവാൻ നിങ്ങൾ തയ്യാറാണോ?

എല്ലാ- അതെ!

ഘോ— അതാ, നോക്കുവിൻ! ആ നിൽക്കുന്ന ബ്രഹ്മാണ്ഡമായ തൊഴിൽശാല ഒരു കടുകുമണിയിൽനിന്നുമുളച്ചു ഇങ്ങനെ ഒരു വലിയ വൃക്ഷമായിത്തീർന്നതു എങ്ങനെയെന്നു നിങ്ങൾക്കറിയാമോ? തൊഴിലാളികളായ നിങ്ങളുടെ വിയർപ്പുകൊണ്ടു ഉപജീവിച്ചത്രെ അതിത്രയും ഉയർന്നു നിൽക്കുന്നതു്. അതിന്റെ ഫലമൊക്കെ ആരതിന്നുന്നു? ഒരൊറ്റ മുതലാളി! അതിൽനിന്നുപൊഴിയുന്ന ഉണക്കയിലകൾ മാത്രം തൊഴിലാളികൾക്കു്. ശാന്തം! പാപം!

എല്ലാ- മുതലാളികൾ നശിക്കട്ടെ!

ഘോ— മര്യാദയും നല്ലവാക്കും അഭ്യർത്ഥനയുംകൊണ്ടുയാതൊരു ഫലവുമില്ല. അതിനാൽ വിപ്ലവം—!

എല്ലാം- ജയിക്കട്ടെ!

ചോ- ഇൻക്വിലാബ്!

എല്ലാം- സിന്ദബാദ്!

ചോ- അതെ, അതിനുള്ള പ്രാരംഭചടങ്ങെന്താണ്—?

എല്ലാം- പണിമുടക്ക്!

ചോ- പണിമുടക്കിന്റെ കൂടെപ്പിറപ്പെന്താണ്—?

എല്ലാം- പിക്കറ്റിംഗ്!

ചോ- അതിനാൽ പുറപ്പെടുവിൻ!

(ആദ്യംപാടിയ പാട്ടുപാടി അണിനിരന്നു മാർച്ചുചെയ്തു പോകുന്നു.)

## രംഗം 2

(ഡോക്ടർ തോമസിന്റെ ഡിസ്പെൻസറി. 50 വയസ്സുള്ള ഡോക്ടർ തോമസ്, ഒരു കമ്പൗണ്ടർ, ഒരു നേഴ്സ് എന്നിവർ ഒന്നുരണ്ടു രോഗികൾക്കു മരുന്നുകൊടുക്കുന്നു. ഇടയ്ക്കു ഒരു ബാലൻ വന്നു ഒരു വർത്തമാനപ്പത്രം കൊടുക്കുന്നു. ഡോക്ടർ പത്രം നോക്കുന്നു. സാധുവായ ഒരു യുവതി കടന്നുവരുന്നതുകണ്ടു ഡോക്ടർ സന്തോഷപൂർവ്വം അവരെ സ്വാഗതംചെയ്തുകൊണ്ട്:)

ഡോ- മേരിയോ? വരാം. അവിടെ ഇരിക്കൂ. എത്ര നാളായി നിങ്ങളെ കണ്ടിട്ട്. ടോമിനുംകുട്ടികൾക്കും സുഖമായിരിക്കുമല്ലോ അല്ലേ?

മേരി- (ഇരുന്നു) അതെ— സുഖമെന്നു—

ഡോ- ഉവ്വ്, മനസ്സിലായി ആൾക്കാസുഖക്കേടുണ്ട്. എന്നിട്ട് എന്തുകൊണ്ട് എന്നെ അറിയിച്ചില്ല?

മേരി- പ്രിയ ഡോക്ടർ, ഞങ്ങളും മനുഷ്യരല്ലേ? ലജ്ജ മനുഷ്യർക്കുള്ളതു. മൃഗങ്ങൾക്കില്ല. സത്യംപറഞ്ഞാൽ ഡോക്ടറുടെ പക്കൽ വീണ്ടും വരാഞ്ഞതു ലജ്ജ കൊണ്ടാണ്. ടോമിക്കു പനിയും ചുമയുമായി ഒന്നുരണ്ടു

ആഴ്ചയോളം കിടന്നു. കഴിവുള്ള നാട്ടുചികിത്സയെല്ലാം ചെയ്തു. ഒരു ഫലവുമുണ്ടായില്ല. മാത്രമല്ല, ഒരാഴ്ചകഴിഞ്ഞപ്പോൾ ദീനം അതികലശലായി.

ഡോ— മേരീ, നിങ്ങൾ എനിക്കു ഒരു കാശും തരാനില്ലല്ലോ. ഞാൻ ബില്ലുകളൊന്നും അയച്ചിട്ടില്ലല്ലോ

മേ— ഇല്ല ഡോക്ടർ. എങ്കിലും എത്രമാത്രം മരുന്നു ഇവിടെനിന്നു ഞങ്ങൾക്കു ലഭിച്ചിരിക്കുന്നു. എത്രപ്രാവശ്യം ഡോക്ടർ സ്വന്തംചെലവിൽ അവിടെ വന്നിട്ടുണ്ട്. ഇവയൊക്കെ മറക്കുന്നതെങ്ങനെ? ഡോക്ടറുടെ ദയാധിക്യംമൂലം ഞങ്ങൾ ഒന്നും അങ്ങേയ്ക്കു തരാനില്ലെന്നുപറയുന്നു. വിളമ്പുന്നവൻ അറിയുന്നില്ലെങ്കിൽ ഉണ്ണുന്നവനെങ്കിലും അറിയേണ്ടയോ?

ഡോ— ആകട്ടെ അതൊക്കെക്കളയൂ! ഇപ്പോൾ കുട്ടികളെങ്ങനെ ഇരിക്കുന്നു?

മേ— കുട്ടിയുടെ സുഖക്കേടു ദൈവാനുഗ്രഹത്താൽ സുഖമായി. ഇപ്പോൾ ടോമിനു സുഖമില്ല. 'ജോൺ ഏബ്രഹാം കമ്പനി'യുടെ ഗേററിങ്കൽ മൂന്നു പകലും മൂന്നു രാവും, മഴയും വെയിലുംഏററു പിക്കററിങ്ങുചെയ്തതിന്റെ ഫലമായി പനിപിടിച്ചു. (കണ്ണുനീർ തുടയ്ക്കുന്നു) ജ്വരമാണെന്നു തോന്നുന്നു. (ഏങ്ങിക്കരയുന്നു)

ഡോ— ഇത്രയേ ഉള്ളോ? സാരമില്ല, മേരി, സുഖക്കേടാണെങ്കിൽ ചികിത്സിക്കണം. കരയേണ്ട, ഞാൻ വന്നു ടോമിനെകാണാം. ഞാനിതേവരെ നിങ്ങളുടെ ഒരു ആത്മസ്നേഹിതരായിരുന്നില്ലേ? ഇനിയും അങ്ങനെതന്നെ ആയിരിക്കും.

മേ— ഞാൻ ചന്തയിൽ പോകുന്നുവെന്നു എന്നാണു ടോം ധരിച്ചിരിക്കുന്നത്. ഡോക്ടരുടെ പക്കൽ വീണ്ടും വരുന്നതിനു ടോം സമ്മതിക്കുന്നില്ല. ബേബിയെ ചികിത്സിച്ച വകയിൽ ഒരു നാട്ടുവൈദ്യനുതന്നെ നാലഞ്ചുരൂപാ കൊടുക്കുവാനുണ്ട്. ഇനിയുംപോയി അയാളുടെ പ

കൽനിന്നു കടംവാങ്ങുവാൻ എനിക്കു ധൈര്യമില്ല. ഞങ്ങൾ നാലുപേരില്ലേ ഡോക്ടർ! കെട്ടിടവാടക പലമാസങ്ങളോളംമുടങ്ങി. ടോമും ഞാനുംഎത്രദിവസമെങ്കിലും പട്ടിണികിടക്കാം. കുട്ടികൾക്കു രണ്ടുനേരമെങ്കിലും കൊടുക്കണമല്ലോ. ഇതിനും പുറമെ ടോമിന്റെ അമ്മയും ഞങ്ങളുടെകൂടെ താമസിക്കുന്നു. പുരവാടക കൊടുക്കാഞ്ഞതുമൂലം ഉടമസ്ഥൻ പുര മേഞ്ഞില്ല. മഴപെയ്യുമ്പോൾ ഞങ്ങളുടെ സ്ഥിതി വന്നുകാണണം. പണിമുടക്കു തുടങ്ങിയിട്ടു മൂന്നാഴ്ചയായി. ഇതെന്നവസാനിക്കുമോ, ദൈവത്തിനറിയാം. (കരയുന്നു.)

ഡോ— മേരീ, നിരാശപ്പെടരുതു്. നല്ലവനായ ദൈവം.——

മേ— അതെ, നല്ലവനായ ദൈവത്തിൽ ഞാൻ ആശ്രയംവെയ്ക്കുന്നു. എനിക്കശേഷം നിരാശയില്ല. ടോമിന്റേയും കുട്ടികളുടേയും മുമ്പിൽ ഞാൻ കരയാറില്ല. എന്റെ ബാല്യപ്രായംമുതൽതന്നെ ഡോക്ടർക്കു എന്നെ അറിയാം. ടോമിന്റേ കുട്ടികളുടേയും മുമ്പിൽ ഞാൻ സദാ പ്രസന്നവദനയായിത്തന്നെയാണു് പെരുമാറുന്നതു്. പക്ഷേ ഒരുകാര്യം എന്റെ മനസ്സിനെ വല്ലാതെ വ്യസനിപ്പിക്കുന്നു. ടോമിന്റെ സ്വഭാവം പാടെ വ്യത്യാസപ്പെട്ടിരിക്കുന്നു. എപ്പോഴും കോപം. സംസാരമോ, വിപ്ലവവും പ്രതികാരവും നിറഞ്ഞതു്. ഞായറാഴ്ച കുർബാന കാണാതായിട്ടു മാസങ്ങൾതന്നെ പലതുകഴിഞ്ഞു. സുഖക്കേടായി വീണതിന്റെശേഷം ഞാൻ പലപ്രാവശ്യം ഉപദേശിച്ചിട്ടും ഇതേവരെ പാപസങ്കീർത്തനം ചെയ്തിട്ടില്ല. ടോം— അങ്ങേയ്ക്കറിയാമല്ലോ— എത്രയോ ഭക്തനായ ഒരു കത്തോലിക്കനായിരുന്നുവെന്നു്. ടോം ചോദിക്കുന്നതിതാണു്. "ജോൺഏബ്രഹാം ആൻഡ് സൺസ്" കമ്പനി ഉടമസ്ഥൻ മി. ജോൺഏബ്രഹാം ഒരു ക്രിസ്ത്യാനിയല്ലേ? എന്നിട്ടു എന്തുകൊണ്ടു വേലക്കാർക്കു തക്ക കൂലി കൊടുക്കുന്നില്ല? ഈ പണിമുടക്കു അവസാനിപ്പിക്കാൻതന്നെ അയാൾ പ്രയാ

റ്റൊന്നും ചെയ്യുന്നില്ലത്രെ. മി. ജോൺഎബ്രഹാമിനെ ഒന്നുപോയി നേരിട്ടുകണ്ടു സംസാരിക്കുവാൻ ഞാൻ പറഞ്ഞു. "ഞാനാരുടെയും മുമ്പിൽ മുട്ടുവളയ്ക്കുവാൻ ഉദ്ദേശിക്കുന്നില്ല" എന്നാണുമറുപടി. ഞാനെന്തുചെയ്യാനാണു്. ഡോക്ടർ ഞാനല്പം കരഞ്ഞുകൊള്ളട്ടെ. (വിങ്ങിക്കരയുന്നു) വീട്ടിൽവച്ചുകരയുവാനും, അങ്ങനെ ഹൃദയഭാരത്തെ കണ്ണുനീരാക്കി ഒഴുക്കിക്കളയുവാനും എനിക്കു നിവൃത്തിയില്ല.

ഡോ- മേരീ, നീ ധീരയായ ഒരു വനിതതന്നെ. പൊയ്ക്കൊള്ളുക. ഞാനിതാവന്നുകഴിഞ്ഞു.

മേ- (മുഖംതുടച്ചു എഴുന്നേററു) പ്രിയ ഡോക്ടർ വളരെനന്ദി. ഞങ്ങൾക്കു കഴിവുണ്ടാകുമ്പോൾ കടങ്ങളെല്ലാം തന്നുവീട്ടിക്കൊള്ളാം.

ഡോ- പക്ഷെ, പണംതന്നുകൊണ്ടല്ല; "നന്മനിറഞ്ഞമറിയമേ," എന്നു ചൊല്ലിക്കൊണ്ടു എന്റെ കടം വീട്ടിയാൽമതി. അതാണു, എന്നെ യഥാർത്ഥധനികനാക്കുന്നതു്.

മേ- പ്രിയ ഡോക്ടർ, ദൈവം അങ്ങേ അനുഗ്രഹിക്കട്ടെ. (പോകുന്നു. ഡോക്ടർ എഴുന്നേററുവാതുക്കൽ വരെചെന്നു് മേരിയെ യാത്രയാക്കിയശേഷം അവളെ അങ്ങനെ നോക്കിനിന്നുകൊണ്ടു, ആത്മഗതം.)

ഇന്നത്തെപത്രത്തിൽ ഞാൻ വായിച്ചതായ പണിമുടക്കിന്റെ ഫലമാണു് ഈ സാധുകുടുംബത്തിന്റെ തൽക്കാലകഷ്ടത. ആ യുവതിയെ ഞാൻ കുട്ടിക്കാലം മുതൽ അറിയും. ഇത്ര മാതൃകായോഗ്യയായ, സംസ്കാരസമ്പന്നയായ ഒരു സ്ത്രീരത്നത്തെ ഞാൻ കണ്ടിട്ടില്ല. ദരിദ്രയാണെങ്കിലെന്തു്? ടോമിനു അവളും, അവൾക്കു ടോമും ജീവനാണു്. ഉടൻ പോകുകതന്നെ.

## രംഗം 3

(ഡോക്ടർ തോമസ്സിൻെറ ഭവനത്തിലെ സന്ദർശനമുറി.)

ഡോ— (ഡിസ്പൻസറിയിൽനിന്നു വന്നു ചേർന്ന ഉടനെ) പ്യൂൺ.

പ്യൂ— (പ്രവേശിച്ചു) ഉത്തരവ്.

ഡോ— ഡ്രൈവറെ വിളിക്കൂ. കാർ വേഗം ഇറക്കുവാൻ പറയൂ!

പ്യൂ— ഉത്തരവു (പോയി.)

(പ്രസ്തുത കമ്പനി ഉടമസ്ഥൻ മി. ജോൺ എബ്രഹാം പ്രവേശിക്കുന്നു.)

എബ്ര— ഹല്ലോ ഡോക്ടർ, ഒരു കാൽമണിക്കൂർ നേരത്തേക്കു അങ്ങേ ഞാൻ ഉപദ്രവിക്കാൻ വന്നിരിക്കയാണ്. ക്ഷമിക്കണേ.

ഡോ— സ്വാഗതം മി. എബ്രഹാം, ദിവസവും വന്നുവന്നു ഇങ്ങനെ ഉപദ്രവിച്ചുകൊള്ളുക. പഴയ സ്നേഹിതന്മാരെ ഒന്നു കാണുവാൻ തന്നെ കൊതിയാകുന്നു. (ഇരിക്കുന്നു)

എബ്ര— ജോലിത്തിരക്കുകൊണ്ടു പുറത്തിറങ്ങുവാൻ പോലും സമയം കിട്ടുന്നില്ല. നമ്മുടെ രണ്ടു പേരുടേയും ഗതി തന്നെ രണ്ടു വഴിക്കല്ലേ? അവ ഒരിക്കലും കൂട്ടിമുട്ടുമില്ല. ഞാനിപ്പോൾ (ഡോക്ടർ കൊടുത്ത സിഗരറ്റു ഉപയോഗിക്കുന്നു) ഇങ്ങോട്ടു വന്നതിനു ഒന്നല്ല, രണ്ടാണു കാരണം. ഒന്നാമതു, അങ്ങു ചികിത്സിക്കുന്ന എൻെറ കുഞ്ഞുമകൻെറ യഥാർത്ഥ ആരോഗ്യസ്ഥിതി എങ്ങനെയിരിക്കുന്നു എന്നറിയണം. വളരെ നന്നായിരിക്കുന്നുവെന്നു എൻെറ ഭാര്യയോടു ഡോക്ടർ പറഞ്ഞുവെന്നു ഞാനറിഞ്ഞു. സ്ത്രീകളെ ആശ്വസിപ്പിക്കാനുള്ള ഭാഷയാണോ ഡോക്ടർ പ്രയോഗിച്ചതെന്നു സംശയമില്ലാതില്ല. ഡോക്ടർ, അവനെൻെറ കണ്ണിലുണ്ണിയാണ്.

ഡോ— മി. എബ്രഹാം, ആ കൊച്ചുമനുഷ്യന്റെ ആരോഗ്യത്തെപ്പററി ഞാൻ നിങ്ങളുടെ ഭാൎയ്യയോടു പറഞ്ഞതുപചാരമാത്രമാണ്. ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭക്ഷണം കൊടുത്താൽ മതി. നിങ്ങളുടെ മററു കുട്ടികളെക്കാൾ അവൻ ശക്തനും ആരോഗ്യമുള്ളവനുമായിത്തീരും. വിശ്വാസമില്ലെങ്കിൽ (ചിരിച്ചുകൊണ്ടു) ഞാൻ ജാമ്യംതരാം.

ഏ— അതൊരു സമാധാനംതന്നെ. ഇനി രണ്ടാമത്തെ കാൎയ്യം. കുറച്ചുനാളായിട്ട് എന്റെ തല പുകയുകയാണ്. അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനു ഒരാളെ അന്വേഷിച്ചിട്ടു ഡോക്ടറെയല്ലാതെ മററാരെയും ഞാൻ കണ്ടില്ല. എന്റെ കുട്ടിയുടേതുപോലെതന്നെ എന്റേയും സുഖക്കേടു ശമിപ്പിക്കുവാൻ ഡോക്ടർക്കു സാധിക്കുമെന്നു എനിക്കു ബോദ്ധ്യമുണ്ടു്. ഇതിനകം എന്റെ രോഗം എന്താണെന്നു ഡോക്ടർക്കു മനസ്സിലായിരിക്കുമെന്നു വിശ്വസിക്കുന്നു. എന്റെ ഫാക്ടറിയിലെ പണിമുടക്ക് എത്ര കോൺഫറൻസുകൾ, എത്ര മദ്ധ്യസ്ഥാലോചനകൾ! അവ വൎദ്ധിക്കുന്നതോടൊപ്പം കാൎയ്യസ്ഥിതിയും കൂടുതൽ വഷളാകുന്നു. ഡോക്ടർ, ഞാൻ സമാധാനമാണു കാംക്ഷിക്കുന്നതു്.

ഡോ— അതാണ് ഇന്നത്തെ ലോകവും കാംക്ഷിക്കുന്നതു്. പരിശുദ്ധ പിതാവു സമാധാനത്തിനുള്ള മാൎഗ്ഗം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഏ— "സമാധാനം നീതിയുടെ ഫലം" അല്ലേ?

ഡോ— അതെ. ഞാനിന്നത്തെ പത്രത്തിൽ ഈ പണിമുടക്കിനെപ്പററി വായിച്ചു. ഇപ്പോഴത്തെ സ്ഥിതിക്കു ഒരു സമാധാനപരമായ തീരുമാനം സാദ്ധ്യമാണോ എന്നുള്ള ആശങ്കയ്ക്കു വഴിയില്ലാതില്ല.

ഏ—ആകപ്പാടെ എന്റെ നോട്ടത്തിൽ അന്തരീക്ഷം കാർമേഘസമാവൃതമായിരിക്കുന്നു. ഞാൻ നല്ലക്കൂലി, ജീവനക്കൂലി, തന്നെയാണ് കൊടുക്കുന്നതു്.* വേലക്കൂലി

കാട്ടുന്നതു് ഒരു വലിയ മോഷണമായിട്ടു തന്നെയാണു ഞാൻ ഗണിക്കുന്നതു്. എന്നാൽ അവരുടെ അതിരുകടന്നുള്ള ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കുവാൻ എനിക്കു സാദ്ധ്യമല്ല. എന്റെ പണമാണു് കമ്പനിയെ താങ്ങിനിറുത്തിയിരിക്കുന്നതു്. എന്റെ തലയും എന്റെ അദ്ധ്വാനവും ആണു്, അതിനെ ഈ രാജ്യത്തിലെ ഏററം വലിയ വ്യവസായശാലയാക്കിത്തീർത്തതു്. എന്നാൽ അവർക്കിപ്പോൾ ഞാൻ ഭിക്ഷാടനം ചെയ്യുന്നതു കാണണം. അവർക്കു എല്ലാ നേരവും ആട്ടിറച്ചിയും, പാലും, വെണ്ണയും, കുട്ടികൾക്കു കോളേജ് വിദ്യാഭ്യാസവും, ഓരോ കാറും, മാളികയും, ഭാര്യമാർക്കു കസവുസാരിയും ഉണ്ടായിരിക്കത്തക്കവിധത്തിൽ ഞാൻ കൂലി കൊടുക്കണം. അതാർക്കു കഴിയും? തൊഴിലാളികൾക്കു ജീവനക്കൂലി കൊടുക്കണമെന്നല്ലേ പ: പിതാവു പറഞ്ഞിരിക്കുന്നതു്? ശരി, എന്റെ വേലക്കാർക്കും അതു ലഭിക്കുന്നുണ്ടു്.

ഡോ— മി. ഏബ്രഹാം, ഞാൻ തുറന്നു അല്പം സംസാരിക്കട്ടെ. വിരോധമില്ലല്ലോ?

ഏ— ശ്രീ. ഡോക്ടർ. അതിനാണു ഞാൻ വന്നിരിക്കുന്നതു്. എന്റെ ഏതു പ്രവൃത്തിയേയും പററി ഡോക്ടർക്കു സംസാരിക്കുവാൻ ഞാൻ പൂർണ്ണസ്വാതന്ത്ര്യം തരുന്നു! വേണമെങ്കിൽ എന്നെ ഒരു ശിഷ്യനെ എന്നപോലെ തല്ലിക്കൊള്ളുക. (പുഞ്ചിരി)

ഡോ— ഞാൻ (ചിരി) ആരെയും ഇതേവരെ തല്ലിയിട്ടില്ല. ഇനിമേൽ അതിനിടയാകാതിരിക്കട്ടെ. പ്രിയ സ്നേഹിതാ താങ്കൾ ഒരു കത്തോലിക്കനല്ലേ?

ഏ— അതെ.

ഡോ— താങ്കൾ ഒരു വ്യവസായപ്രവർത്തകനുമല്ലേ?

ഏ— അതെ.

ഡോ— തൊഴിലാളി മുതലാളി പ്രശ്നത്തെപ്പററി മാർപ്പാപ്പാമാർ പരസ്യപ്പെടുത്തിയിട്ടുള്ള വിശ്വലേഖനങ്ങൾ നിങ്ങൾ വായിച്ചിട്ടുണ്ടോ?

ഏ— (ലജ്ജാഭരിതനായി) ഇ—ഇ—ല്ല.

ഡോ— നിങ്ങൾ പിന്നെയെങ്ങനെയാണ് ജീവനക്കൂലി എന്തെന്നു ഗ്രഹിക്കുന്നതു്? തൊഴിലാളികളുടെ അവകാശങ്ങൾ എന്തൊക്കെയെന്നു നിങ്ങൾ എങ്ങനെ അറിയും? (എഴുന്നേററു മേശപ്പുറത്തുള്ള പുസ്തകക്കൂട്ടിൽനിന്നു മൂന്നു പുസ്തകങ്ങൾ എടുത്തു ഓരോന്നായി കൊടുത്തുകൊണ്ട്) ഇതാ, യശശ്ശരീരനായ 13—ാം ലേയോൻപാപ്പായുടെ "Rerum Novarum" അഥവാ 'സാമുദായധർമ്മപ്രമാണം' എന്ന വിശ്വലേഖനം. (വിവർത്തകൻ മി. കെ. ഏ. പോൾ കത്തോലിക്കാ സാഹിത്യനിലയം എറണാകുളം വില 3ണ.) അതു പ്രസിദ്ധപ്പെട്ടതിനു നാല്പതു കൊല്ലം കഴിഞ്ഞപ്പോൾ ഭാഗ്യസ്മരണാർഹനായ 11—ാം പീയൂസ് പാപ്പാ ലോകത്തിനു കൊടുത്ത വേറൊരു ലേഖനം "Quadragessimo Anno" ("തൊഴിലാളികളുടെ ജന്മാവകാശങ്ങൾ")—(വിവർത്തകൻ എൽ. എം. തോമസ് L. F. Press Thevara Ernakulam 4 ണ.) അതിന്റെ സംഗ്രഹം അഥവാ രത്നച്ചുരുക്കമാണ് ഈ ലഘുലേഖ. "ഇതാണ് നീതി." വിവർത്തകൻ Fr. Cyriac Mannanal S. J. Press, Mannanam. 3 ണ.) ഈ പുസ്തകങ്ങൾ നിങ്ങൾ അവധാനപൂർവ്വം വായിക്കണം. അപ്പോൾ മാത്രമേ ജീവനക്കൂലി, എന്താണ്, എന്നു നിങ്ങൾക്കു മനസ്സിലാകൂ.

ഏ— വളരെ ഉപകാരം ഡോക്ടർ. ഞാനിവ മൂന്നും വായിച്ചുപഠിക്കാം. എങ്കിലും എന്റെ കൂലിനിരക്കിനെ ആർക്കെങ്കിലും ആക്ഷേപിക്കാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഭക്ഷണം, വസ്ത്രം, വീട്ടുവാടക, വിറക്, വെള്ളം, വിളക്ക്, എന്നിങ്ങനെ ജീവിതത്തിനാവശ്യമുള്ളതൊക്കെ കിട്ടാൻതക്ക ഒരു കൂലിതന്നെയാണ് ഞാൻ കൊടുക്കുന്നതു്. വേലയ്ക്കു കൂലിയാണ്. അല്ലാതെ, മക്കൾക്കു വസ്തു വീതിക്കുന്നതുപോലെയുള്ള ദാനമല്ലല്ലോ വേലക്കാർക്ക് അവകാശമുള്ളതു്. ഞാൻ വ്യവസായശാല

യാണ്, അല്ലാതെ ധർമ്മശാലയല്ല നടത്തുന്നത്. അവർ സഹകരിക്കാൻ നിവൃത്തിയില്ലെങ്കിൽ ശാല പൂട്ടുക തന്നെ ചെയ്യും.

ഡോ— മി. ഏബ്രഹാം നിങ്ങൾ പറയുന്നതും ശരി തന്നെ. നിങ്ങൾ നൽകുന്ന കൂലി എത്രയെന്ന എനിക്കറിഞ്ഞുകൂടാ. ഭക്ഷണം, വസ്ത്രം, വീട് എന്നിത്യാദി മാത്രമല്ല മനുഷ്യന്റെ ആവശ്യങ്ങൾ. അവർക്ക സുഖക്കേടുവന്നാൽ അവരെന്തു ചെയ്യും?

ഏ— (ചിരി) ശരി. പക്ഷെ ചിലപ്പോഴൊക്കെ കുറെ കഷ്ടപ്പാടും വേണം. ഡോക്ടർ, കുറെ പട്ടിണിയും സുഖക്കേടും ഇല്ലെങ്കിൽ മനുഷ്യൻ തന്നെത്താൻ മറക്കും!

ഡോ— അവ, അവരേക്കാൾ നമുക്കാണാവശ്യം. നാം ശരീരംകൊണ്ട് അദ്ധ്വാനിക്കാത്തവരാണ്. പട്ടിണി നാം അനുഭവിച്ചിട്ടുമില്ല. സുഖക്കേടുണ്ടായാൽ എത്രയും നല്ല ചികിത്സ നമുക്ക സുലഭം. ഒരു ഭാര്യയുടെയും മൂന്നുനാലു കുട്ടികളുടേയും ഏകാധാരമായ ഒരു ദിവസക്കൂലിക്കാരൻ ഒരു ജ്വരം ബാധിച്ചു കിടക്കട്ടെ. ആ വീട്ടിലെ സ്ഥിതി വാസ്തവത്തിൽ നിങ്ങൾക്ക അറിവില്ല. സുഖക്കേടു മാത്രമല്ല, വേറെയും ഭവനസംബന്ധമായ അനേക ആവശ്യങ്ങളും അവർക്കുണ്ട്.

ഏ— (അല്പനേരം മൗനം അവലംബിച്ച്) ഡോക്ടർ, എന്റെ പിതാവു, ഈ വ്യവസായശാല ആരംഭിച്ചു. അയ്യായിരം രൂപ മാത്രമായിരുന്നു അതിന്റെ മൂലധനം. അന്നു കൈവിരൽകൊണ്ടു എണ്ണാവുന്ന കൂലിക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരോ അദ്ദേഹത്തിന്റെ സ്നേഹിതരും സഹായികളുമായിരുന്നു. അദ്ദേഹത്തിന്റെ അവസാന കാലത്തു ജോലിക്കാരുടെ സംഖ്യ നൂറിൽ കവിഞ്ഞു. അവരെ ഓരോരുത്തരേയും അദ്ദേഹം നേരിട്ടറിയുകയും ചെയ്യുമായിരുന്നു. അവരദ്ദേഹത്തെ ആരാധിച്ചിരുന്നു

എന്നുതന്നെ പറയാം. അവരുടെ വിവാഹങ്ങൾക്കു സാക്ഷിയും, കുട്ടികളുടെ ജ്ഞാനസ്നാനങ്ങൾക്കു തലതൊട്ടപ്പനും, അവരുടെ സുഖദുഃഖങ്ങളിൽ ഭാഗഭാക്കുമായിരുന്നു അദ്ദേഹം. എന്നാൽ ഇന്നു ജോലിക്കാർ അയ്യായിരമാണു്. ഞാൻ മഹാഭൂരിപക്ഷത്തേയും അറിയുകയില്ല. അതിനു ശ്രമിച്ചാൽ തന്നെയും സാദ്ധ്യമല്ല.

ഡോ— അതു ശരിയാണു്. ഈയിടെ നിങ്ങളുടെ ഒരു ജോലിക്കാരനെ ഞാൻ കണ്ടുമുട്ടി. അയാളെ നിങ്ങൾ കണ്ടിട്ടില്ല. എന്നു മാത്രമല്ല, നിങ്ങളെ അയാളും ഒരിക്കലും കണ്ടിട്ടില്ല! ഇക്കാലത്തെ വ്യവസായ ഉടമസ്ഥന്മാരും തൊഴിലാളികളും തമ്മിൽ സ്നേഹമില്ല എന്നതാണു വലിയ ഒരു നിർഭാഗ്യം. പരസ്പരം ശത്രുക്കളായിട്ടാണു വിചാരിക്കുന്നതു്. എന്നാൽ ഇതിലും പരിതാപകരമാണു് ഇവരെ ഇരുകൂട്ടരെയും തമ്മിൽ തെററിച്ചു വിപ്ളവമുണ്ടാക്കാൻ നടക്കുന്ന ഇന്നത്തെ ചില തൊഴിലാളിനേതാക്കന്മാർ.

ഏ— (മുഖഭാവം പെട്ടെന്നു മാറി, കോപത്തോടെ) എന്നാൽ വാസ്തവം ആലോചിക്കുന്ന പക്ഷം ഡോക്ടരെ, ഈ കമ്മ്യൂണിസ്റ്റു് ചാരന്മാരായ തൊഴിലാളിനേതാക്കന്മാരാണു് ഇതിന്റെയെല്ലാം ചുക്കാൻ തിരിക്കുന്നതു്. തൊഴിലാളികളുടെ ജീവരക്തത്തിൽ ഉപജീവിക്കുന്ന കൊതുകുകൾ, ഇത്തിക്കണ്ണികൾ ആണു് ഇവർ. ഇവരാണു് സാധുക്കളായ തൊഴിലാളികളെ വിപ്ളവത്തിനും പണിമുടക്കിനും പ്രേരിപ്പിക്കുന്നതു്. ഇതിനുംപുറമെ പുരോഗമന സാഹിത്യം എന്ന ഒരു പുതിയ ചരക്കും ഇങ്ങോട്ടു ഇറക്കുമതി ചെയ്തിട്ടുണ്ടു്. ഈയിടെ ഒരു പുരോഗമന സാഹിത്യകാരൻ എന്റെ പക്കൽ വന്നു് ഒരു ചെറുകഥാപുസ്തകം അച്ചടിക്കുന്നതിനു 1000 രൂപാ ആവശ്യപ്പെട്ടു. പുസ്തകം അടകപ്പാടെ ഞാനൊന്നു കണ്ണോടിച്ചുനോക്കി. സകല അധികാരികളെയും മുതലുള്ളവരെയും പ്രത്യേകിച്ചു കത്തോലിക്കാ സഭാവൈദികരെയും പൂരത്തെറിപ്പാട്ടുകൊ

ണ്ടു അഭിഷേകം ചെയ്യുന്നതാണു് ആ വാറോല. ഞാൻ പണം കൊടുത്തില്ലെങ്കിൽ അവൻ പണിമുടക്കിന്ന എന്റെ ജോലിക്കാരെ പ്രേരിപ്പിക്കും. പണം കൊടുത്താൽ എന്നെ ഒരു മാതൃകാമുതലാളിയായി പ്രഖ്യാപനം ചെയ്യും. ഇതൊരു അനധികൃതമായ ഭീഷണിയല്ലേ? അവൻ വന്ന പോലെ വെറുംകയ്യോടെ തിരിച്ചു. അങ്ങനെ പണിമുടക്കിന്ന അവൻ രംഗപ്രവേശം ചെയ്തു.

(പുറത്തു കാറിന്റെ ഹോൺശബ്ദം കേൾക്കുന്നു.)

ഡോ— (വാച്ചു നോക്കി) സംസാരിച്ചു സമയം പോയതറിഞ്ഞില്ല. ഞാൻ ഒരു രോഗിയെ സന്ദർശിക്കാൻ പോകയാണു്. വരു വഴിക്കു നമുക്കു സംസാരിക്കാം. (മന്ദസ്മിതം) കുറെ തണുത്ത കാററു കൊള്ളുമ്പോൾ തല പുകച്ചിലിന്ന കുറവുണ്ടാകും.

ഏ— ഡോക്ടർ എന്റെ ചികിത്സാജോലി ആരംഭിച്ചുവെന്നു തോന്നുന്നു. (ചിരി)

(എഴുന്നേൽക്കുന്നു)

## രംഗം 4

(തൊഴിലാളിയായ ടോമിന്റെ ദരിദ്രഭവനം. ഒരു സ്ക്രീൻ നടുവേ വച്ചു സ്റ്റേജ്ജ് രണ്ടുമുറികളാക്കി തിരിച്ചിരിക്കുന്നു. ഒരു മുറിയിൽ ഒരു കട്ടിലിൽ ടോം പുതച്ചു കിടക്കുന്നു. മറേറമുറിയിൽ ഒന്നുമില്ല. മേരി ഭർത്താവിനെ ശുശ്രൂഷിച്ചുകൊണ്ടു നിൽക്കുന്നു. പുറത്തു കാറിന്റെ ഹോൺസ്വരം കേൾക്കുന്നു.)

മേരി— (സന്തോഷം ആത്മഗതം)
അദ്ദേഹം വരുന്നുണ്ടു്.

ടോ— അതെന്തോന്നാ കേട്ടതു്?

മേരി— നമ്മുടെ ഡോക്ടർ വരുന്നുണ്ടു്.

(ഡോക്ടറും ഏബ്രാഹവും പ്രവേശിക്കുന്നു. മേരി മുമ്പോട്ടുവന്നു.)

മേരി— (സസന്തോഷം) ഡോക്ടർ!

(പെട്ടെന്നു കൂടെയുള്ള അപരിചിതനെകണ്ടു ലജ്ജാപൂർവ്വം പിൻവലിയുന്നു.)

ഡോ— മേരി, ഇദ്ദേഹമെന്റെ സ്നേഹിതനാണ്. ഞാൻ ടോമിനെ പരിശോധിക്കുന്നതുവരെ ഇദ്ദേഹം ഈ മുറിയിൽ ഇരുന്നു കൊള്ളും.

മേരി— ഞങ്ങളുടെ ഈ ദരിദ്രഭവനത്തിൽ അങ്ങേയ്ക്കിരിക്കുവാൻ ഒരു കസേരപോലുമില്ല. ഒരു സ്റ്റൂൾ ഉള്ളതു ഞാൻ എടുത്തുകൊണ്ടുവരാം. (പോകുന്നു.)

ഡോ— ഇതിൽഭേദം കാറിൽതന്നെ ഇരിക്കയായിരുന്നു, അല്ലേ?

ഏ— അതുസാരമില്ല. ഡോക്ടർ വേഗം വരുമല്ലോ?

ഡോ— ഞാനിതാവന്നുകഴിഞ്ഞു.

(മേരി സ്റ്റൂൾ കൊണ്ടുവന്നു ഇട്ടുകൊടുക്കുന്നു. ഡോക്ടറും മേരിയും ടോം കിടക്കുന്ന മുറിയിലേയ്ക്കു പോകുന്നു.)

ഏ— (ആത്മഗതം) ഇതിനേക്കാൾ നല്ലതു കാറിൽ തന്നെ ഇരിക്കയായിരുന്നു. (സ്റ്റൂളിന്റെ കാൽ നോക്കിയിട്ട്) ഇതിന്റെ ഒരു കാൽ ഇളകിയതാണല്ലോ. (എഴുന്നേറ്റു ചുററി നടക്കുന്നു.) പെട്ടുപോയില്ലേ? ഏതായാലും അല്പം ക്ഷമിക്കതന്നെ.

ഡോ— (ടോമിനെ പരിശോധിച്ചശേഷം) അല്പം താമസിച്ചുപോയി. പക്ഷേ അപൽക്കരമല്ല. (ഡോക്ടർ തന്നെ കൊണ്ടുവന്ന പെട്ടി തുറന്നു) ഈ മരുന്നു അരമണിക്കൂറിലൊരിക്കൽ കൊടുക്കുക. മററുമരുന്നുകൾ ഞാൻ ഉടൻ കൊടുത്തയയ്ക്കാം. (അടുത്തുള്ള ബെഞ്ചിൽ ഇരുന്നു.) മേരി കുട്ടികളെവിടെ? അവരെ കണ്ടിട്ട് എത്രനാളായി?

മേ— (ഉറക്കെ) ലിസ്സാ! ലിസ്സാ!

(ഒരു ബാലിക 'എന്തോ' എന്നു വിളികേട്ടു നാലു വയസ്സുള്ള ക്ഷീണിച്ച ഒരു ആൺകുട്ടിയേയും എടുത്തു കൊണ്ടു പ്രവേശിക്കുന്നു.

മേ— ഡോക്ടൎക്കു 'Good evening' കൊടുക്കൂ ലിസ്സാ.

ലിസ്സാ— ഗുഡ് ഈവ്നിംഗ് ഡോക്ടർ!

ഡോ— മിടുക്കത്തിതന്നെ, നീ, ലിസ്സാ. (ആൺകുട്ടിയെ തലോടിക്കൊണ്ടു്) ഇവനെത്രവയസ്സായി, മേരി? (മറേറമുറിയിൽ ഏതുമ്പ്രകാരം സംഭാഷണം ശ്രവിക്കുന്നു. ഒളിച്ചുനിന്നു കുട്ടികളെയും മററും നോക്കുന്നു.)

മേ— അവനു നാലു വയസ്സായി.

ഡോ— പക്ഷെ അവനു് അതിനു തക്ക ശരീരദാർഢ്യമില്ല. ഇവനു് പാലു ധാരാളം കൊടുക്കുന്നുണ്ടോ?

മേ— ആകെ, നാഴിപ്പാൽ വാങ്ങിക്കും. അതിൽ പകുതി രണ്ടുനേരമായി അവനു കൊടുക്കും. ഇപ്പോൾ ഡാക്ടൎക്കറിഞ്ഞുകൂടെ, നാഴിപ്പാൽ ദിവസം വാങ്ങിയാൽ മാസം എത്ര രൂപായാകുമെന്നു്?

എങ്കിലും നല്ല കപ്പവാങ്ങി ഇടിച്ചുകുറുക്കി അവനു വേണ്ടപോലെ കൊടുക്കുന്നുണ്ടു്.

ഡോ—(പെട്ടിയിൽനിന്നു ഒരു പെട്ടി ബിസ്കററു എടുത്തു കുട്ടികൾക്കു് കൊടുക്കുന്നു.)

മേ— അങ്ങു ഇത്രയും ചോദിച്ചതിനാൽ ഞങ്ങളുടെ യഥാൎത്ഥസ്ഥിതി ലജ്ജയോടുകൂടിയെങ്കിലും പറയാം.

ഡോ— അതു ഞാൻ അറിയുന്നതിൽ ലജ്ജിക്കേണ്ടതില്ല.

മേ— വീട്ടുവാടക മൂന്നുമാസത്തേതു കൊടുക്കാനുണ്ടു്. അതുകൊണ്ടാണു് പുരമേയാഞ്ഞതു്. ഇതാ! മഴതുടങ്ങി! ഇപ്പോൾ മുഴുവനും ചോരും. അങ്ങു്, കുറേ ഇങ്ങോട്ടു നീങ്ങിയിരിക്കണേ. അവിടെ അതാ വെള്ളം ചോരുന്നു.

(ഏബ്രഹാമിൻെറ തലയിൽ മഴവെള്ളം വീഴുന്നു. തല തുടച്ചു മാറിനിൽക്കുന്നു)

ഏ— (ആത്മഗതം) ഇതു കഷ്ടമായല്ലൊ. ഇങ്ങനെ ഒരു ഏടാകൂടത്തിൽവന്നു ചാടിയല്ലൊ. ആ കാറിൽതന്നെ ഇരിക്കാമായിരുന്നു!

മേ— ഈ മഴക്കാലത്തു കാണെങ്കിൽ വിറകശേഷമില്ല. ഇന്നു അരി വാങ്ങിയതു കടമാണ്.

ടോം— (അല്പം ഉയൎന്നിരുന്നു) പ്രിയ ഡോക്ടർ, ഞാൻ അല്പം സംസാരിക്കുന്നതിന്ന് അനുവദിക്കണം. (സഗൗരവം) എനിക്കു നല്ലൊരു ഷർട്ടുണ്ടായിരുന്നെങ്കിൽ ഈ ജ്വരപ്പനി എനിക്കു പിടിപെടുകയില്ലായിരുന്നു. ഒന്നുണ്ടായിരുന്നതു പഴയതു് ഒന്നു ഞാൻ വാങ്ങിയതായിരുന്നു. അതു കീറിപ്പോയി.

മേ— (കുട്ടികളോടു) മക്കളേ, അപ്പുറത്തേക്കു പൊയ്ക്കൊള്ളുക. ഇതാ (പെട്ടിതുറന്നു കുറെ ബിസ്കറ്റു അവൎക്കു കൊടുക്കുന്നു) ലിസ്സാ, ഡോക്ടൎക്കു നന്ദിപറയൂ.

ലി— ഡോക്ടർ

ഡോ— കൊള്ളാം കൊള്ളാം. (കുട്ടികൾ സസന്തോഷം പോകുന്നു.)

ടോം— ഡോക്ടർ, ഒരു കത്തോലിക്കനു കമ്മ്യൂണിസ്റ്റാകാൻ പാടില്ലെന്നു ഡോക്ടർ ഒരിക്കൽ പറഞ്ഞുവല്ലൊ. ഒരുമാസംമുൻപു ഞങ്ങളുടെ കമ്പനിയുടമസ്ഥൻ മി. ഏബ്രഹാമിൻെറ മാളികയുടെ ശ്വയാ കാണുകയുണ്ടായി. അയാളുടെ കുട്ടികൾ (ഏബ്രഹാം ശ്രദ്ധിക്കുന്നു) പന്നിക്കുഞ്ഞുങ്ങളെപ്പോലെ, ആ കൊട്ടാരത്തിൻെറ മുൻവശത്തു പന്തുകളിക്കുന്നതു കണ്ടപ്പോൾ എൻെറ കുഞ്ഞുങ്ങളെയും ആ കുട്ടികളെ സൃഷ്ടിച്ച ദൈവംതന്നെ സൃഷ്ടിച്ചതാണല്ലൊ എന്നു ഞാൻ ഓൎത്തു. എൻെറ ഹൃദയം സ്പർദ്ധകൊണ്ടു നീറി! രണ്ടു കാറാണ് അയാൾക്കുള്ളതു്! ഒന്നു് അയാൾക്കുംഭാൎയ്യക്കും. മററതു കുട്ടികൾക്കു സ്ക്കൂളിൽ പോകുവാൻ. ആ കുട്ടികൾക്ക് എത്ര എത്ര കളിക്കോപ്പുകൾ.

എന്റെ കുഞ്ഞുങ്ങൾ കളിക്കോപ്പുകൾ കണ്ടിട്ടേ ഇല്ല. അയാളുടെ ഭാര്യയേയും ഞാൻ ഒരുനോക്കു കണ്ടു. ആ വൃത്തികെട്ട സത്വത്തിനെ കണ്ടാൽ കണ്ണു കഴുകണം. എന്റെ മേരിയുടെ വേലക്കാരിയാകാൻ ആ കോന്തമ്പല്ലിക്കു യോഗ്യതയില്ല. അങ്ങേതിലെ കാളിപ്പറക്കള്ളി അവളെക്കാൾ വെളുത്തതാണ്. അവളുടെ കരിക്കട്ടയേക്കാൾ കറുത്ത ദേഹത്തു് എത്രപവന്റെ മാല! അവളുടുക്കുന്നതോ? പട്ടും കസവും! എന്റെ മേരിക്കോ? കീറപ്പഴന്തുണി!

മേ— മയ ചായി പരദൂഷണം—

ടോം— ഇതോ പരദൂഷണം? ഞാൻ പറയുന്നതു പച്ചപ്പരമാർത്ഥമല്ലേ? ഡോക്ടറേ, അങ്ങുതന്നെ വിധിക്കൂ. കഴിഞ്ഞ ക്രിസ്മസ് തിരുനാളിനുപോലും എന്റെ ഭാര്യക്കു ഒരു പുതമുണ്ടു് വാങ്ങിക്കൊടുക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഈ ഈസ്റ്റർ തിരുനാളിനു ഒരു റാത്തൽ ഇറച്ചിപോലും എന്റെ കുഞ്ഞുങ്ങൾക്കു വാങ്ങിക്കൊടുത്തില്ല. ഞാൻ മദ്യപാനിയല്ല; ധൂർത്തടിക്കുന്നില്ല; സിനിമായ്ക്കു പോകുന്നില്ല. ഉണ്ടെങ്കിൽ എന്റെ ഭാര്യ പറയട്ടെ. ഇത്രക്കു ചുരുക്കിപ്പിടിച്ചു ചിലവുചെയ്തിട്ടും ഒരു മനുഷ്യനെപ്പോലെ ജീവിക്കുവാൻ എനിക്കു കഴിയുന്നില്ല.

(ഏബ്രഹാം സ്റ്റൂൾ നീക്കിയിട്ടു ഇരുന്നു ശ്രദ്ധിക്കുന്നു.)

മേ— പ്രിയ ഡോക്ടർ, സംസാരിക്കരുതെന്നു—

ടോം— ഡോക്ടർ, എന്നെ തടയല്ലേ? എനിക്കു പറയാനുള്ളതു ഞാൻ പറയട്ടെ. എന്നിട്ടു മരിച്ചാലും തരക്കേടില്ല. എല്ലാവരും പറയുന്നു ഏബ്രഹാം നല്ല ഒരു കത്തോലിക്കനാണെന്നു്! അയാൾ ആ സംഭാവന ചെയ്തു; ഈ വാഗ്ദാനം ചെയ്തു; എന്നൊക്കെ പെരുമ്പറ മുഴക്കുന്നുമുണ്ടു്. പത്രക്കാർ അതൊക്കെ പ്രസിദ്ധംചെയ്യുന്നുമുണ്ടു്. വേലക്കാർക്കു നല്ല കൂലികൊടുക്കാതെ ഈ സംഭാവനകൾ ചെയ്യുന്നതുകൊണ്ടു് എന്തു പുണ്യം? ഈയിടെ കമ്പനിയുടെ

ജൂബിലി ഘോഷിച്ചപ്പോൾ ഗാർഡൻപാർട്ടിയും ഡിന്നറും കൊടുത്തതു ആർക്കായിരുന്നു? തങ്ങളുടെ വീട്ടിൽ ഡിന്നറും ടീയും ഉള്ളവർക്കു്, അല്ലേ? തങ്ങളുടെ വീട്ടിൽ അല്ല, വേറെ ഒരിടത്തും ഒരു നല്ല, ഡിന്നറോ ടീയോ കിട്ടാൻ മാർഗ്ഗമില്ലാത്തവരും, ഈ കട്ടകമണ്ണിനെ ചോരവെള്ളമാക്കി നനച്ചു ഇത്രവലിയ വൃക്ഷമാക്കിയവരുമായ ഞങ്ങൾക്കു തരാമായിരുന്നില്ലേ ആ ഡിന്നറും ടീയും? ഞങ്ങൾ എത്ര സ്വാദോടുകൂടി അതനുഭവിക്കുമായിരുന്നു? മിശിഹാ എന്താണു് അരുളിച്ചെയ്തിരിക്കുന്നതു്? "നീ മുത്താഴമോ അത്താഴമോ നൽകുമ്പോൾ നിന്റെ സ്നേഹിതന്മാരെയോ സഹോദരന്മാരെയോ ചാർച്ചക്കാരെയോ, ധനവാന്മാരായ നിന്റെ അയൽക്കാരേയോ നീ ക്ഷണിക്കരുതു്. അല്ലാത്തപക്ഷം അവരും നിന്നെ ക്ഷണിക്കയും അതു നിനക്കു പ്രതിഫലമായിത്തീരുകയുംചെയ്യും. മറിച്ചു, നീ ഒരു വിരുന്നു നൽകുമ്പോൾ ദരിദ്രരേയും, അംഗഹീനരേയും, മുടന്തരേയും, കുരുടന്മാരേയും വിളിക്കുക. നിനക്കു പ്രതിഫലം നൽകുവാൻ അവർക്കു ഇല്ലാത്തതുകൊണ്ടു അപ്പോൾ നീ ഭാഗ്യവാനായിരിക്കും. നിനക്കുള്ള പ്രതിഫലം നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ ആയിരിക്കും." (ലൂക്കാ 14: 12- 14) ഈ ഉപദേശം എഴുതിയ സ്ഥലത്തു് നിർജ്ജീവമായി കിടക്കുന്നതല്ലാതെ വല്ലിടത്തും വല്ലവരാലും പ്രായോഗികമാക്കപ്പെട്ടിട്ടുണ്ടോ?

മേ— ഡോക്ടരേ, ദയവായി ഈ സംസാരം നിറുത്തുവാൻ പറയണേ! സന്നി ബാധിക്കുവാൻ....

ഡോ- ടോം—മതിയാക്കു. ഈ സംസാരം നിങ്ങൾക്കു നല്ലതല്ല. പണിമുടക്കും പിക്കറ്റിംഗുംകൊണ്ടു നിങ്ങളുടെ ആരോഗ്യം നശിച്ചു. ഇപ്പോൾ സന്നിപാതജ്വരമാണു്. നിങ്ങൾ ഇനിയും ഇങ്ങനെ സംസാരിച്ചാൽ എന്റെ ചികിത്സ നിഷ്ഫലമായിത്തീരും.

ടോം- (ക്ഷീണിതനായി പുറകോട്ടു ചാരി ഇരിക്കുന്നു)

ഡോ:— ദിവ്യരക്ഷകന്റെ ഈ ഉപദേശം അതേപടി പ്രായോഗികമാകാത്തതു നാം അതു അനുസരിക്കാഞ്ഞിട്ടാണ്. നിങ്ങളെക്കാൾ ധനികന്മാരുടെ പ്രവൃത്തികളെ നിങ്ങൾ വിമർശിക്കുന്നു. എന്നാൽ നിങ്ങളേക്കാൾ ദരിദ്രരും ലോകത്തിലുണ്ടല്ലോ. അവരോടുള്ള നിങ്ങളുടെ പെരുമാററം എപ്പോഴും പ്രശംസാർഹമാണോ? ചിലപ്പോഴെങ്കിലും നിങ്ങൾ നിങ്ങളുടെ കൂട്ടുതൊഴിലാളികളെ വിളിച്ചു കാപ്പികൊടുത്തിട്ടില്ലേ? ഉണ്ടെന്നെനിക്കറിയാം. അന്നൊന്നുകൊണ്ടു ഈ ചിന്തയിൽ അലഞ്ഞുനടക്കുന്ന പിച്ചക്കാരെ ക്ഷണിച്ചില്ല? നമ്മുടെ കണ്ണിലെ തടിനീക്കിയിട്ടുവേണം അന്യന്റെ കണ്ണിലെ തുരുമ്പു മാററുവാൻ എന്നും ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ. വാസ്തവത്തിൽ തൊഴിലാളികളെ ക്ഷണിച്ചു ഉദ്യോഗസ്ഥന്മാരോടു കൂടി ഒപ്പമിരുത്തി ടി പാർട്ടി നടത്തിയ സംഭവങ്ങളും നമ്മുടെ നാട്ടിൽ ഇല്ലെന്നില്ല. 1938–39–40 ഈ കൊല്ലങ്ങളിലാണെന്നു തോന്നുന്നു. അന്നു ഞാൻ എറണാകുളത്തു പ്രാക്ടീസ് ചെയ്തുവരുന്നിരുന്നു. ഇന്നും അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന "എറണാകുളം റിക്ഷാ തൊഴിലാളിസംഘ"ത്തിന്റെ പ്രവർത്തകന്മാർ പ്രസ്തുത സംഘത്തിന്റെ വാർഷികങ്ങൾ പ്രമാണിച്ചു അധ്യക്ഷകരീതിയിലുള്ള ടീ പാർട്ടി കൊടുത്തിരുന്നു. ഞാനും അതിൽ സംബന്ധിച്ചിട്ടുണ്ടായിരുന്നു. കത്തോലിക്കാവൈദികരാണ് അന്നും ഇന്നും അതിന്റെ ഭാരവാഹികൾ. പ്രിയ ടോം ഈ മൂന്നു നാലു മാസമായിട്ടു എനിക്കു നല്ല അടിയാണ്. മെഡിക്കൽ സർവ്വീസ് മേടിക്കൽ സർവീസുമാണല്ലോ. ഇതാ 50 രൂപാ. കടമൊക്കെ തീർത്തു വേണ്ടതൊക്കെ വാങ്ങുക.

ടോം— അയ്യോ ഡോക്ടർ, അങ്ങയുടെ സഹായം ഇനിയും ഞങ്ങൾ വാങ്ങിക്കുന്നതു ഭംഗിയല്ല.

ഡോ— സാരമില്ല ടോം. ധനികന്മാർ ദരിദ്രന്മാരുടെ കാഴ്ചപ്പാടുകാരാണെന്നാണ് എന്നെ കത്തോലിക്കാസഭ പഠിപ്പിച്ചിട്ടുള്ളത്. പക്ഷെ ടോം ഒരു സംഗതി വിസ്മരിക്കരുത്. ഒരു കത്തോലിക്കന്റെ സൽപ്രവൃത്തിയോ ദുഷ്പ്രവൃത്തിയോ അല്ല നാം കത്തോലിക്കരായിരിക്കുന്നതിന്റെ ആധാരം. മിശിഹായാണ്, മിശിഹാ മാത്രമാണ്, നമ്മുടെ സത്യവും, മാർഗ്ഗവും, വാതിലും, ദീപവും, ജീവനും. അവിടുന്നു മാത്രമാണ് നമ്മുടെ മാതൃക. നിങ്ങൾ വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്ന നല്ല പതിവിൽ നിന്നു പിൻമാറിയതു ശരിയല്ല. 'എലിയെ തോല്പിച്ച് ഇല്ലത്തിനു തീ വയ്ക്കരുത്.'

ടോം— എന്റെ തെററു ഞാൻ സമ്മതിക്കുന്നു. തൊന്നു പരിഹരിച്ചുകൊള്ളാം.

ഡോ—അതെന്നെ അതിവ സന്തുഷ്ടനാക്കുന്നു. മേരി, ഞാൻ ആ വക്കീഷോപ്പുകാരനോടു പറയാം. രണ്ടു കസേര നിങ്ങൾക്കു തന്നുകൊള്ളുവാൻ, ഞാൻ പോകട്ടെ. (എഴുന്നേൽക്കുന്നു)

ടോം- ഡോക്ടർ, ദൈവം—

ഡോ— അതെ, ദൈവത്തോടു എനിക്കുവേണ്ടി പ്രാർത്ഥിക്കുക. നിങ്ങളുടെ ഫാക്ടറിഉടമസ്ഥനും വേണ്ടി പ്രാർത്ഥിക്കണം. അദ്ദേഹം സ്ഥിതിഗതികൾ എല്ലാം മനസ്സിലാക്കിയിട്ടില്ല. എനിക്കറിയാവുന്നിടത്തോളം അദ്ദേഹം വളരെ നല്ല മനുഷ്യനാണ്. ഒരു കാര്യംകൂടി പറഞ്ഞേക്കാം; തൊഴിലാളിയോ മുതലാളിയോ അല്ലാത്ത ഇന്നത്തെ തൊഴിലാളിനേതാക്കന്മാരെ അല്ല, നിങ്ങൾ അനുഗമിക്കേണ്ടത്. നിങ്ങളുടെ സ്വല്പശമ്പളത്തിൽ ഉപജീവിക്കുന്ന കൊള്ളക്കാരാണവർ. അധികകാലതാമസം കൂടാതെ സമാധാനമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. (പുറപ്പെടുമ്പോൾ മേരിയും അനുഗമിക്കുന്നു. ഏബ്രഹാമിരിക്കുന്ന മുറിയിൽവന്നു")

മേരി—അങ്ങ് ഇവിടെ ഇരുന്നു മുഷിഞ്ഞു.

ഏ— സാരമില്ല.

ഡോ—എന്നാൽ നിൽക്കൂ, മേരി.

മേരി—വളരെ ഉപകാരം, ഡോക്ടർ.

ഡോ— കൊള്ളാം. (മേരി തിരിയുന്നു)

കർട്ടൻ

(ഡോക്ടരും എബ്രഹാമും കർട്ടന്റെ മുൻവശത്തുനിന്നു കൊണ്ട്)

ഏ— ഡോക്ടർ, ഒരേസമയത്തു രണ്ടുരോഗികളെ ഒന്നിച്ചു നിങ്ങൾ ചികിത്സിച്ചിരിക്കുന്നു. ഇതാ പണിമുടക്ക ഇന്നു അവസാനിപ്പിക്കത്തക്കവിധം ഞാനെന്തുംചെയ്യാനും തയ്യാർ. ഡോക്ടർതന്നെ തീരുമാനിച്ചു കൊള്ളുക.

ഡോ— സാവധാനം എല്ലാം ചെയ്യാം. വരൂ.

## രംഗം 5

(രണ്ടുമൂന്നു തൊഴിലാളികൾ സംസാരിച്ചു പ്രവേശിക്കുന്നു.)

ഒന്നാമൻ— മൊതലാളൻ അങ്ങിനെ സമ്മതിച്ചുവെന്നു നീ അറിഞ്ഞതെങ്ങനെ?

രണ്ടാമൻ — വിശ്വാസയോഗ്യമായ അറിവുണ്ട്:

മൂന്നാമൻ—എന്നുവെച്ചാൽ?

രണ്ടാ-വിശ്വാസയോഗ്യനായ ഒരാൾ എന്നോടു പറഞ്ഞു.

ഒന്നാ—എന്താണ് സമ്മതിച്ചിട്ടുള്ളതു?

രണ്ടാ—ഇപ്പോഴത്തെ കൂലിയുടെ അമ്പതു ശതമാനം എല്ലാവർക്കും കൂട്ടിക്കൊടുക്കും.

മൂന്നാ— അത്രയോ?

രണ്ടാ—അതുമാത്രമല്ല, സുഖക്കേടു മുതലായ അത്യാപത്തുകളിൽ വിനിയോഗിക്കാൻ ഒരു സഹായധനവും തരുവാൻ അദ്ദേഹം സന്നദ്ധനാണ്.

ഒന്നാ—അദ്ദേഹം അതൊക്കെ സമ്മതിച്ചോ? എന്നി ട്ടെന്തുകൊണ്ടു കാര്യം അവസാനിക്കുന്നില്ല.

രണ്ടാ— സംഗതി ഞാൻ തെളിച്ചു പറയാം. നമ്മുടെ തോമസ് ഡോക്ടർ എജമാനനില്ലേ?

മൂന്നാ—ഉവ്വുവ്വ്, അദ്ദേഹം നല്ലൊരു മനുഷ്യനാ!

രണ്ടാ— അദ്ദേഹം നമ്മുടെ ടോമില്ലേ, ടോം? ടോമിനെ ചികിത്സിക്കാൻ പോയപ്പോൾ മൊതലാളനേയും കാറിൽകയററിക്കൊണ്ടുപോയി. ടോമിൻെറ വീട്ടിലെ ദാരിദ്ര്യം മൊതലാളൻ നേരിട്ടു കണ്ടപ്പോൾ അദ്ദേഹത്തിൻെറ മനസ്സലിഞ്ഞു.

ഒന്നാ—എന്നാൽ പിന്നെ എന്തുകൊണ്ടു ഈ തൊന്തരവു തീരുന്നില്ല ക്രൂവേ? എത്ര ദിവസമായി പട്ടിണി കിടക്കുന്നു?

രണ്ടാ—നമ്മുടെ നേതാവു സമ്മതിക്കണ്ടേ?

ഒന്നാ- ഹെടാ, നീ എന്തറിഞ്ഞു? അമ്പതു ശതമാനം കൂലിക്കൂട്ടാമെന്നു പറഞ്ഞിട്ടും നേതാവു സമ്മതിക്കുന്നില്ലെന്നോ? ഹെയ്, അതൊരിക്കലുമുണ്ടാകയില്ല. സഖാവ് ചേററിസ്സാർ പറഞ്ഞതല്ലോ. മൊതലാളൻ ഒരു പൈ കൂട്ടിത്തരികയില്ലെന്ന്: അദ്ദേഹം നൊണപറയുമോ?

രണ്ടാ— ആട്ടെ, ഞാനൊന്നു ചോദിക്കട്ടെ! കൂലി കിട്ടേണ്ടതു നമ്മൾക്കല്ലേ?

മൂന്നാ— അതെ.

രണ്ടാ- എന്നിട്ടു ഇതിനകം നടന്ന അനേകം ആലോചനകളിൽ നമ്മേക്കൂടിച്ചേർത്തോ?

ഒന്നാ—ആരുടെ കുററം?

രണ്ടാ- മൊതലാളൻെറ കുററമാണോ? അദ്ദേഹത്തെക്കണ്ടാൽ കല്ലെറിയണമെന്നല്ലേ, നമുക്ക തന്നിരിക്കുന്ന ഉപദേശം? മൊതലാളൻ നമ്മെ നേരിട്ടു കണ്ട് സംസാരിക്കാൻ എത്രതവണ വന്നു. എന്നിട്ടു നാം ക്രൂവി

വിടുകയല്ലേ ചെയ്യുന്നത്? വാസ്തവം പറഞ്ഞാൽ ഈ നേതാക്കന്മാർ നമ്മെ വഞ്ചിക്കയാണ്. ഒന്നുകൂടി ആലോചിക്കുക. ചേറിഅദ്ദേഹത്തിനു നാമോരോരുത്തരും കൊടുക്കുന്ന 8 അണ മാത്രമല്ലേ കാലക്ഷേപമാർഗ്ഗം? എത്ര രൂപയാണു പ്രതിമാസം നമ്മൾ അയാൾക്കു കൊടുക്കുന്നത്?

മൂന്നാം- നമ്മുടെ കാര്യം നോക്കുമ്പോൾ നമ്മൾ വേണ്ടെ അദ്ദേഹത്തിനു വേണ്ടതു ചെയ്തുകൊടുക്കാൻ?

രണ്ടാം- അതെന്താ നമ്മുടെ വായിൽ നാക്കില്ലേ? വേലചെയ്യുന്ന നമുക്കു ശരിയായ കൂലി പറഞ്ഞു വാങ്ങുവാൻ നാക്കില്ലേ? ഇന്നു എൻ്റെകൂടെ വരാമോ?

മൂന്നാം-ഞാൻ വരാം.(ഒന്നാമനോടു) വരിനെടാ ഒന്നു പരീക്ഷിക്കാമല്ലോ.

ഒന്നാം- ഉള്ള കഞ്ഞി പാററാ ഇടാൻ പോകയാ.

രണ്ടാം- അട്ടെ, ഒന്നു പരീക്ഷിക്കാമല്ലോ. മുതൽ നഷ്ടമൊന്നുമില്ലല്ലോ. (പോകുന്നു)

## രംഗം 6

(ഡോ— തോമസിൻെറ ഭവനം)

ഡോ— (മി. എബ്രഹാമിനേയും മി. ചേറിയേയും പ്രതീക്ഷിച്ചു ഇരിക്കുന്നു. ആത്മഗതം)

മുതലാളിയോടും സംസാരിക്കാം, തൊഴിലാളിയോടും സംസാരിക്കാം. രണ്ടുമല്ലാത്ത ഒരുതരക്കാരോടു സംസാരിക്കുവാനാണ് പ്രയാസം. തൊഴിലാളിയാകാതെ മുതലാളിയാകാൻ കാംക്ഷിക്കുന്ന ഒരു തരക്കാരുണ്ട്. അവർ കരയ്ക്കുമല്ല, വള്ളത്തിലുമല്ല. എത്രയോ ദിവസങ്ങളായി ഈ കുഴപ്പമൊന്നവസാനിപ്പിക്കാൻ ശ്രമിക്കുന്നു. മി. എബ്രഹാം ഞാൻ നൽകിയ വ്യവസ്ഥകളെല്ലാംകൂടെ സമ്മതിച്ചു. തൊഴിലാളികളുടെ നേതാവായ ഒരു "സഖാവു"ണ്ട്, ഒരു മി. ചേറി. അവനതൊന്നും സ്വീകാര്യമില്ല. ഈ പണിമുട

ക്കവസാനിപ്പിച്ചാൽ പിന്നെ അവന്റെ കാലക്ഷേപത്തിനെന്താ മാർഗ്ഗം? ഏതായാലും ഇന്ന രണ്ടിലൊന്ന തീർച്ചയാകണം. അന്യായത്തിന്റെ തികച്ചിലല്ലാതെന്ത്? 50 ശതമാനം കൂലി എല്ലാവക്കും കൂട്ടാമെന്നും ഒരു പ്രോവിഡൻറു ഫണ്ട ആരംഭിക്കാമെന്നും മി. ഏബ്രഹാം സമ്മതിച്ചു. അവനതൊന്നും സ്വീകാര്യമല്ല. കമ്പനി ഒരു ബോർഡിന്റെ ഭരണത്തിൽ വിട്ടുകൊടുക്കണം പോലും. എന്നു വെച്ചാൽ ഉടമസ്ഥൻ മാറണം. എന്നിട്ടവന്റെ കൈവശമാകണം കമ്പനി. (ദൂരെ നോക്കി) അതാ മി. ഏബ്രഹാം വരുന്നു.

ഏബ്രഹാം (പ്രവേശിച്ച് ആചാരോപചാരങ്ങൾക്കു ശേഷം ഇരിക്കുന്നു.)

ഏ— അവർ ഇതേവരെ വന്നില്ലല്ലൊ.

ഡോ— അതാ. വന്നുകഴിഞ്ഞു.

(മി. ചോറിയും അഞ്ചാറു തൊഴിലാളികളും കൂടിവരുന്നു. അല്പം ദൂരെ നിന്നുകൊണ്ടു്.)

ഡോ— (തൊഴിലാളികളോടു) നിങ്ങൾ ഇവിടെ നില്ക്കുവിൻ. ഞാൻ വിളിക്കുമ്പോൾ മാത്രം വന്നാൽമതി.

തൊ— (1) അങ്ങനെയാകട്ടെ.

(2) ദേ, ഒരു കാര്യം പറയാം. ചൊട്ടുക്കു വിട്ടുകൊടുക്കരുതു്.

ഡോ— പിന്നെ ഞാൻ ജീവനോടെ ഇരുന്നിട്ടെന്തു ഫലം? (തൊഴിലാളികൾ പിന്നാക്കം മാറുന്നു)

(ചോറി പ്രവേശിക്കുന്നു. ഡോക്ടർ ചോറിയെ സ്വീകരിച്ചു ഇരുത്തുന്നു.)

ഡോ— കുറെ നേരമായി ഞാൻ നിങ്ങളെ ഇരുകൂട്ടരേയും പാത്തിരിക്കയാണ് (തൊഴിലാളികൾ അടുത്തു വന്നു മറഞ്ഞുനിന്നു സംഭാഷണം ശ്രദ്ധിക്കുന്നു)

ഡോ— (ഉറക്കെ) ബോയ്!

വേലക്കാരൻ— (പ്രവേശിക്കുന്നു,) സർ,

ഡോ— ടീ കൊണ്ടുവരൂ. (ചോറിയോടു) മിസ്റ്റർ തൊഴിലാളികൾ എത്ര പേരുണ്ട്. അവരേയുംവിളിക്കാം.

ചോ— എന്തിന്, ടീക്കാണോ?

ഡോ— അതെ.

ചോ- (വെറുപ്പോടെ) ഛെയ്, അവശ്യമില്ല.

ഡോ— അതെന്താ? അവരും വന്നുകൊള്ളട്ടെ.

ചോ— അവർ കേവലം കൂലിക്കാർ. ഇവിടെ നമ്മുടെ ഒപ്പം ഇരിക്കുവാൻ കൊള്ളുന്നവരല്ല.

(തൊഴിലാളികൾ വിസ്മയവും കോപവും പ്രകടിപ്പിക്കുന്നു.)

ഡോ— തരക്കേടില്ല. സ്വാതന്ത്ര്യവും, സമത്വവും സാഹോദര്യവും പ്രസംഗിക്കുന്നവരായ, തൊഴിലാളികളെ ഉയർത്തുവാൻ പ്രയത്നിക്കുന്നവരായ, അതിനു ജീവൻ ബലി ചെയ്യുവാൻ ഒരുക്കമുള്ളവരായ നിങ്ങൾക്കു, അവരെ ഒപ്പമിരുത്തി സൽക്കരിച്ചുകൂടയോ?

ചോ— അവരുടെ കാര്യം സാധിച്ചുകൊടുത്താൽ മതിയല്ലോ. ഒപ്പമിരുത്തുന്നതിൽ എന്തർത്ഥം?

(ഒരു തൊഴിലാളി ദേഷ്യപ്പെട്ടു മുന്നോട്ടു കുതിക്കുമ്പോൾ മററുള്ളവർ തടയുന്നു. ക്ഷമിക്കുവാൻ പതുക്കെ പറയുന്നു.)

ഡോ- കൊള്ളാം, കൊള്ളാം "ഏട്ടിലപ്പടി, പയററിലിപ്പടി" അല്ലേ?

(ഭൃത്യൻ കൊണ്ടുവന്ന ടീ മൂവരും അനുഭവിക്കുന്നു.)

ഏ— മിസ്റ്റർ, നിങ്ങളോടു അധികനേരം സംസാരിച്ചു സമയം കളയാൻ ഇനി സാധ്യമല്ല. ഞാൻ ചുരുക്കിപ്പറയാം. ഇന്നു മുതൽ എൻെറ കമ്പനിയിലെ സകല തൊഴിലാളികൾക്കും ഇപ്പോഴുള്ളതിൽ പകുതി കൂലി കൂടിക്കൂട്ടി കൊടുക്കും. അതിനും പുറമേ ഒരു പ്രോവിഡൻറു

ഫണ്ടുകൂടി നടപ്പിലാക്കും! വച്ചിക്കണ്ണു ഒരണാവീതം അവർ അടച്ചാൽ ഈ രണ്ടണാവീതം ഞാനും കൊടുക്കുന്നതാണ്. അതുമല്ല, കൊല്ലാവസാനത്തിൽ മൊത്തം ലാഭം കണക്കാക്കുമ്പോൾ തൊഴിലാളികൾക്കും ഒരംശം മാററിവച്ചുവീതിക്കുന്നതാണ്. അതിൻെറ ഓഹരി എത്രയെന്നുള്ള വിവരം പിന്നാലെ തീരുമാനിക്കാം.

(തൊഴിലാളികൾ പരസ്പരംനോക്കി അത്ഭുതപ്പെടുന്നു. സന്തോഷം പ്രകടിപ്പിക്കുന്നു.)

ചോ— അതൊന്നും പറവുകയില്ലസർ! ഞാൻ പറഞ്ഞതുപോലെ കമ്പനി ഒരു ഭരണസമിതിയുടെ പിടിയിൽ വിട്ടുതരണം. വേറെ യാതൊരു വ്യവസ്ഥകളും സ്വീകാര്യമല്ല.

ഡോ— ഈ മർക്കടമുഷ്ടി എത്ര നിരർത്ഥകവും, അന്യായവും, അസംഭവ്യവുമാണെന്നു നിങ്ങൾ കാണാത്തതിൽ ഞാൻ വിസ്മയിക്കുന്നു.

എ— ആട്ടെ നിങ്ങളുടെകൂടെ വന്നിരിക്കുന്ന തൊഴിലാളികളെ ഇങ്ങോട്ടു വിളിക്കൂ. ഞാനവരോട് സംസാരിക്കാം.

ചോ— അവരെ വിളിക്കുന്നതെന്തിനു? അതാവശ്യമില്ല. ഞാൻ തീരുമാനിക്കേണ്ട കാര്യമേ ഉള്ളൂ.

(തൊഴിലാളികൾ ഓടി എത്തുന്നു)

ഒന്നാമൻ. ഏമാനേ, പണിമുടക്കു ഞങ്ങൾ അവസാനിപ്പിച്ചിരിക്കുന്നു.

രണ്ടാമൻ- ഞങ്ങൾ വഞ്ചിക്കപ്പെട്ടുപോയി.

മൂന്നാമൻ- ഞങ്ങളുടെ സർവ്വാപരാധങ്ങളും ക്ഷമിക്കണേ!

എമ്പ്ര— കൊള്ളാം. ഇപ്പോഴെങ്കിലും നിങ്ങളെ നേരിട്ടുകാണുവാൻ ഇടയായതിൽ എനിക്കു വളരെ സ

ന്തോഷമുണ്ടു്. നമ്മുടെ കാൎയ്യം പറഞ്ഞുതീൎക്കുവാൻ നമ്മൾ മാത്രം മതിയല്ലോ.

ചോറി. അതു ഞാൻ സമ്മതിക്കയില്ല.

ഒന്നാം— (ചോറിയോടു) ഒരു കാൎയ്യം പറഞ്ഞേക്കാം. സാറുസാറിന്റെ പാട്ടിനു പോ. അതാണു നല്ലതു്.

ചോ- (ദ്വേഷ്യം) നീയെന്തു പറഞ്ഞു?

രണ്ടാം- (അടുക്കുന്നു) എന്തു പറഞ്ഞെന്നു കേട്ടില്ലേ? കേൾപ്പിക്കാം. (ഒന്നാമൻ രണ്ടാമനെ തടുക്കുന്നു)

മൂന്നാം- സാറേ, സാറു വെറുതെ ചീത്തയാകും.

ഡോ— (ചോറിയുടെ കൈക്കുപിടിച്ചു) വരൂ മിസ്റ്റർ. (ഇരുവരും പോകുന്നു.)

രണ്ടാം- ഇനി ഈ നാട്ടിൽ തന്നെ കണ്ടാൽ—!

ഒന്നാം- എടാ മിണ്ടാതിരി. (എബ്രഹാമിനോടു) എമാനേ, ആ ദ്രോഹിയാണു ഞങ്ങളെ ഇങ്ങനെ ഇട്ടുകൊണ്ടു കളിപ്പിച്ചതു്. അവിടുന്നു ഞങ്ങളോടു എല്ലാം ക്ഷമിക്കണം.

എ— നിങ്ങൾ മാത്രമല്ല; ഞാനും കുറ്റക്കാരൻതന്നെ. സമാധാനം ഇപ്പോഴെങ്കിലും ലഭിക്കുവാൻ ഇടയായതു ഡോക്‌ടരുടെ മനോഗുണംകൊണ്ടാണു്. (ഡോക്ടർ പ്രവേശിക്കുന്നു) ഇദ്ദേഹമാണു് ഈ ശുഭപൎയ്യവസാനത്തിനു കാരണഭൂതൻ.

ഡോ— ഞാനല്ല, കത്തോലിക്കാ തിരുസ്സഭയാണു് ഈ ശുഭപൎയ്യവസാനത്തിനു കാരണഭൂത. തൊഴിലാളിയേയും മുതലാളിയേയും യോജിപ്പിക്കുന്ന ലോകൈകധാൎമ്മികശക്തി കത്തോലിക്കാതിരുസ്സഭയാകുന്നു.

എ— ഡോക്‌ടർ, അവൻ പോയോ?

ഡോ—പിന്നെ അവൻ പോകാതെ ഇനി ഇവിടെ യെങ്ങാനും നിൽക്കുമോ? അവന്റെ ജീവനുംകൊണ്ടേവൻ

കടന്നു.നമുക്കിപ്പോൾ പിരിയാം. നാളെ നമുക്കെല്ലാവക്കും ഒന്നുകൂടി സമ്മേളിച്ച സകലത്തും ശരിപ്പെടുത്താം.

തൊഴി — ഞങ്ങളെല്ലാകെ നാളെവന്നുകൊള്ളാം. ഡോക്ടരേമാനും ഞങ്ങളെല്ലാവരും പെരുത്തുപകാരം പറഞ്ഞുകൊള്ളുന്നു.

ഡോ— സഭാനാഥനായ മാപ്പാപ്പായ്ക്കു മംഗളം പാടിയശേഷം നമുക്കു പിരിയാം.

(എല്ലാവരും പാടുന്നു)

"കാക്കംതേവാ"രീതി

ക്രിസ്തുരാജേശാ! മുദാ—കാത്തിടണേ
പോപ്പുരാജനെ സദാ—ഭാഗ്യമോടെ
പത്രോസിൻപിൻഗാമി, നിൻവികാരി
കത്തോലിക്ക്സത്യൈകവേദാദ്ധ്യക്ഷൻ
ആയുരാ- രോഗ്യവാ—നായിവാ —ഴേണമേ
ഭൂമിയിലേകധാമ്മികപതിപീയൂസാഖ്യൻ -ക്രിസ്തു

എ—എന്നാൽ തൽക്കാലം നാമുക്കു പിരിയാം.(തൊഴിലാളികൾ യാത്രപറഞ്ഞു പിരിയുന്നു. ഒരു കർട്ടൻ വീഴുകയും ഡോക്ടരും എബ്രഹാമും അപ്രത്യക്ഷരാവുകയും ചെയ്യുന്നു.

തൊഴി: ഒന്നാമൻ— എടാ നമുക്കു ഘോഷയാത്രയായി പോകാം.

രണ്ടാ— കൊള്ളാം. രണ്ടുവരിയായി നിൽക്കവിൻ. (ഒരുത്തൻ ചെങ്കൊടി എടുക്കുമ്പോൾ)

മൂന്നാ— എടാ ആ കൊടി ഇനി നമുക്കു വേണ്ടാ കീറെടാ അതു്! (കൊടി കീറി ദൂരെ എറിയുന്നു)

ഒന്നാം— (ഉടുപ്പിൽനിന്നു ബാഡ്ജു ഊരിയെടുത്തു വലിച്ചുകീറി) ഇതും കീറിയെറിയുക. (എല്ലാവരും കീറി എറിയുന്നു) എടാ പാടിക്കൊൾവിൻ.

## വഞ്ചിപ്പാട്ട്.

1 തൊഴിലാളിച്ചോരകുത്തിക്കുടിക്കുംകൊതുകുകളാം
തൊഴിലാളിനേതാക്കന്മാർനശിച്ചിടട്ടെ—തെയ് ....
2 അരിവാളും ചുററികയുംകൊടിയടയാളമാക്കും
തൊഴിലാളിനേതാക്കന്മാർനശിച്ചിടട്ടെ—തെയ്,..
3 തൊഴിലാളിമുതലാളിപ്രശ്നംവഷളാക്കിടുന്ന
തൊഴിലാളിനേതാക്കന്മാർ നശിച്ചിടട്ടെ. തെയ്..
4 വിപ്ലവങ്ങളുളവാക്കി സമാധാനംനശിപ്പിക്കും
തൊഴിലാളിനേതാക്കന്മാർനശിച്ചിടട്ടെ—തെയ്

(പാടി കടന്നുപോകുന്നു)

ശുഭം.

പുരോഗമനനാടകങ്ങൾ No. 1.

# പണിമുടക്ക്

By

ജോസഫ് മാവുങ്കൽ.

T.62
M45

COLLEGE LIBRARY

ഒ... ...ര പകർപ്പവകാശം

ST. JOSEPH'S PRESS,
mannanam
1946